(സി&ഡി) ജനസാന്ദ്രതയേറിയ കേരളത്തിൽ വികസന പദ്ധതികൾക്ക് സ്ഥലം അക്വയർ ചെയ്യേണ്ടിവരുന്നത് സാമൂഹിക പ്രശ്നമായി മാറുന്നതും സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതുമാണ്. എങ്കിലും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് പുതിയതായി ഏറ്റെടുക്കുന്ന റോഡ് വികസന പദ്ധതികളിൽ, പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അതുപോലെ പ്രധാന റോഡുകളിൽ സബ്വേകൾ നിർമ്മിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിലെ ഷോർട്ടേജ്

133 (2233) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വർക്കുകളിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിൽ ഷോർട്ടേജ് ഉണ്ടാകുന്നതുമൂലം വർക്കുകൾ പൂർത്തിയാക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ& ബി) പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് ആവശ്യമായ ചല്ലി, മണൽ തുടങ്ങിയ സാധന സാമഗ്രികൾ വകുപ്പ് തലത്തിൽ വിതരണം ചെയ്യുന്നില്ല. പ്രവൃത്തികൾക്കാവശ്യമായ മണൽ, മെറ്റൽ, പാറ തുടങ്ങിയ നിർമ്മാണ സാമഗ്രികൾക്ക് ദൗർലഭ്യം നേരിടുന്നതായും അവയുടെ സുഗമമായ നീക്കത്തിന് തടസ്സം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മന്ത്രിതലത്തിൽ യോഗം ചേർന്നിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ എടുക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്കും ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ടി.പി. രണ്ടാം ഘട്ടപ്രവർത്തനം

134 (2234) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ലോകബാങ്ക് സഹായത്തോടെയുള്ള കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രവർത്തനം ഇപ്പോൾ ഏതുവരെയായിയെന്ന് വെളിപ്പെടുത്തുമോ : അധികാമുണ്ടോ ;

(ബി) ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കാനുള്ള പ്രവൃത്തികളിൽ ഏതൊക്കെയാണ് മുൻഗണന നൽകേണ്ടതെന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ തീരുമാനം വൈകുന്നതുമൂലം ഉണ്ടാകുന്ന പ്രതിസന്ധിക്ക് പരിഹാരം നേടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി ബന്ധപ്പെട്ട മന്ത്രിമാരുടെ പ്രത്യേക യോഗം ചേർന്നിരുന്നുവോ ; എങ്കിൽ ഈ യോഗത്തിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്ക് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല

(സി&ഡി) പ്രതിസന്ധികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ. എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്ക് ധനസഹായം ലഭിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹു. പൊതുമരാമത്ത് മന്ത്രി എന്നിവർ ബഹു. കേന്ദ്ര ധനകാര്യ മന്ത്രിയുമായി ചർച്ച നടത്തിയിരുന്നു.

കെ. എസ്.ടി.പി.യിൽ ഉൾപ്പെടുത്തിയ ഫെയ്സ്-II പാക്കേജിന്റെ പ്രവൃത്തികൾ

135 (2235) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി.യിൽ ഉൾപ്പെടുത്തിയ ഫെയ്സ് -II പാക്കേജിന്റെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഫെയ്സ്-II പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇതിന്റെ ആകെയുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്.ടി.പി. രണ്ടാം ഘട്ടം കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു.

(ബി) കെ.എസ്.ടി.പി. രണ്ടാംഘട്ട പാക്കേജിൽ താഴെപ്പറയുന്ന റോഡുകളും എം.സി. റോഡിന്റെ ഭാഗമായ ചെങ്ങന്നൂർ-ഏറ്റുമാനൂർ, ഏറ്റുമാനൂർ-മൂവാറ്റുപുഴ എന്നീ റീച്ചുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കാസർഗോഡ്- കാഞ്ഞങ്ങാട് റോഡ്
2. പിലാത്തറ-പാപ്പിനിശ്ശേരി റോഡ്

LIBRARY ARCHIVES Kerala Legislative Assembly